| 25. | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 1. വയസ്സ് 60 ഉം അതിനു മുകളിലും ആയിരിക്കണം. ആയത് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്.<br>2.റേഷൻ കാർഡ്, ആധാർ കാർഡ്, ,ഇലക്ഷൻ ഐ.ഡി എന്നിവയുടെ പകർപ്പ് സഹിതം K-smart സോഫ്റ്റ് വെയർ വഴി ഓൺലൈനിൽ അപേക്ഷിക്കണം<br>3. വരുമാന സർട്ടിഫിക്കറ്റ്. | 1.കുടുംബ വാർഷിക വരുമാനം 1,00,000 രൂപ കവിയരുത്<br>2.അപേക്ഷകൻ സർവീസ് പെൻഷനർ/ കുടുംബ പെൻഷൻ ലഭിക്കുന്നവർ ആകരുത്<br>3.അപേക്ഷകൻ ആദായനികുതി നൽകുന്ന വ്യക്തിയാകരുത്<br>4.സ്വന്തം പേരിലോ കുടുംബത്തിന്റെ പേരിലോ രണ്ടേക്കറിൽ കൂടുതൽ വസ്തു ഉണ്ടാകരുത്<br>(പട്ടിക വർഗ്ഗക്കാർക്ക് ബാധകമല്ല)<br>5.1000 സി.സി.യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള ടാക്സിയല്ലാത്ത നാല് ചക്രവാഹനങ്ങൾ സ്വന്തമായുള്ളവരാകരുത്<br>6.2000 ച.അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ളതും, ആധുനിക രീതിയിൽ ഫ്ളോറിംഗ് നടത്തിയിട്ടുള്ളതും കോൺക്രീറ്റ് ചെയ്തതുമായ കെട്ടിടങ്ങൾ ഉള്ളവരാകരുത്<br>7.അപേക്ഷകൻ കേന്ദ്രസർക്കാർ/മറ്റ് സംസ്ഥാനസർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ശമ്പളം/ പെൻഷൻ/കുടുംബപെൻഷൻ ലഭിക്കുന്ന വ്യക്തിയാകരുത്.<br>8.താമസിക്കുന്ന വീട്ടിൽ എ.സി.ഉള്ളവരാകരുത | ഉത്തരവ് ലഭിച്ച് ഒരു മാസത്തിനകം<br>അപേക്ഷയിൽ അന്വേഷണം നടത്തി തീരുമാനം എടുക്കുന്ന സമയം - 40 ദിവസം |
| 26. | വിധവാ പെൻഷൻ(വിധവകൾക്കും വിവാഹമോചിതർക്കും) | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 2. ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്.<br>3.റേഷൻ കാർഡ്, ആധാർ കാർഡ്, ,ഇലക്ഷൻ ഐ.ഡി എന്നിവയുടെ പകർപ്പ് klnXwK-smart സോഫ്റ്റ് വെയർ വഴി ഓൺലൈനിൽ അപേക്ഷിക്കണം | 1.കുടുംബ വാർഷിക വരുമാനം 1,00,000 രൂപ കവിയരുത്<br>2.അപേക്ഷകൻ സർവീസ് പെൻഷനർ/ കുടുംബ പെൻഷൻ ലഭിക്കുന്നവർ ആകരുത്<br>3.അപേക്ഷകൻ ആദായനികുതി നൽകുന്ന വ്യക്തിയാകരുത് | ഉത്തരവ് ലഭിച്ച് ഒരു മാസത്തിനകം |

| ക്രമ നമ്പർ | സേവനങ്ങളുടെ വിഷയം | സേവനം ലഭ്യമാക്കുന്ന ഉദ്യോഗസ്ഥർ | സമർപ്പിക്കേണ്ട രേഖകൾ | നിബന്ധനകൾ | സേവനം |
|---|---|---|---|---|---|
| | | | 4.വരുമാന സർട്ടിഫിക്കറ്റ്<br>5.പുനർവിവാഹം ചെയ്തിട്ടില്ല എന്നുള്ള വില്ലേജ് ഓഫീസർ/ഗസറ്റഡ് ഓഫീസറുടെ സത്യവാങ്മൂലം, (ഏഴുവർഷമായി ഭർത്താവിനെ കാണ്മാനില്ല എന്ന് റവന്യൂ അധികാരികൾ നൽകുന്ന വിധവാ സർട്ടിഫിക്കറ്റ്/ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം കഴിഞ്ഞതും പുനർവിവാഹിതരായിട്ടില്ലാത്തവരുമായ 50 വയസ്സ് കഴിഞ്ഞ സ്ത്രീകൾക്ക് വില്ലേജ് ഓഫീസർ നൽകുന്ന സാക്ഷ്യപത്രം)<br>6.പ്രായം തെളിയിക്കുന്നസർട്ടിഫിക്കറ്റ്. | 4.സ്വന്തം പേരിലോ കുടുംബത്തിന്റെ പേരിലോ രണ്ടേക്കറിൽ കൂടുതൽ വസ്തു ഉണ്ടാകരുത്<br>(പട്ടിക വർഗ്ഗക്കാർക്ക് ബാധകമല്ല)<br>5.1000 സി.സി.യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള ടാക്സിയല്ലാത്ത നാല് ചക്രവാഹനങ്ങൾ സ്വന്തമായുള്ളവരാകരുത്<br>6.2000 ച.അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ളതും, ആധുനിക രീതിയിൽ ഫ്ളോറിംഗ് നടത്തിയിട്ടുള്ളതും കോൺക്രീറ്റ് ചെയ്തതുമായ കെട്ടിടങ്ങൾ ഉള്ളവരാകരുത്<br>7.അപേക്ഷകൻ കേന്ദ്രസർക്കാർ/മറ്റ് സംസ്ഥാനസർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ശമ്പളം/ പെൻഷൻ/കുടുംബപെൻഷൻ ലഭിക്കുന്ന വ്യക്തിയാകരുത്.<br>8.താമസിക്കുന്ന വീട്ടിൽ എ.സി.ഉള്ളവരാകരുത | അപേക്ഷയിൽ അന്വേഷണം നടത്തി തീരുമാനം എടുക്കുന്ന സമയം - 40 ദിവസം |
| 27. | വികലാംഗർ,ശാരീരിക വെല്ലുവിളികൾ നേടുന്നവർഎന്നിവർക്കുള്ള പ്രത്യേക പെൻഷൻ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 1. അംഗവൈകല്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (ഗവൺമെന്റ് മെഡിക്കൽ ബോർഡിൽ നിന്ന് വാങ്ങിയത്)<br>2.റേഷൻ കാർഡിന്റെ പകർപ്പ്<br>3.ആധാർ കാർഡ്,ഐ.ഡി. കാർഡ്,വരുമാന സർട്ടിഫിക്കറ്റ്,ബാങ്ക് പാസ്സ് ബുക്ക് സഹിതം K-smart സോഫ്റ്റ് വെയർ വഴി ഓൺലൈനിൽ അപേക്ഷിക്കണം | 1.കുടുംബ വാർഷീക വരുമാനം 1,00,000 രൂപ കവിയരുത്<br>2.അപേക്ഷകൻ സർവീസ് പെൻഷനർ/ കുടുംബ പെൻഷൻ ലഭിക്കുന്നവർ ആകരുത്<br>3.അപേക്ഷകൻ ആദായനികുതി നൽകുന്ന വ്യക്തിയാകരുത്<br>4.സ്വന്തം പേരിലോ കുടുംബത്തിന്റെ പേരിലോ രണ്ടേക്കറിൽ കൂടുതൽ വസ്തു ഉണ്ടാകരുത്<br>(പട്ടിക വർഗ്ഗക്കാർക്ക് ബാധകമല്ല)<br>5.1000 സി.സി.യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള ടാക്സിയല്ലാത്ത നാല് ചക്രവാഹനങ്ങൾ സ്വന്തമായുള്ളവരാകരുത്<br>6.2000 ച.അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ളതും, ആധുനിക രീതിയിൽ ഫ്ളോറിംഗ് നടത്തിയിട്ടുള്ളതും കോൺക്രീറ്റ് ചെയ്തതുമായ കെട്ടിടങ്ങൾ ഉള്ളവരാകരുത്<br>7.അപേക്ഷകൻ കേന്ദ്രസർക്കാർ/മറ്റ് സംസ്ഥാനസർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ശമ്പളം/ പെൻഷൻ/കുടുംബപെൻഷൻ ലഭിക്കുന്ന വ്യക്തിയാകരുത്.<br>8.താമസിക്കുന്ന വീട്ടിൽ എ.സി.ഉള്ളവരാകരുത് | ഉത്തരവ് ലഭിച്ച് ഒരു മാസത്തിനകം<br>അപേക്ഷയിൽ അന്വേഷണം നടത്തി തീരുമാനം എടുക്കുന്ന സമയം - 40 ദിവസം |
| 28. | കർഷക തൊഴിലാളി പെൻഷൻ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 1. കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം.<br>2.വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.<br>3.ആധാർ കാർഡ്,ഐ.ഡി. കാർഡ്,വരുമാന സർട്ടിഫിക്കറ്റ്,ബാങ്ക് പാസ്സ് ബുക്ക് സഹിതം K-smart സോഫ്റ്റ് വെയർ വഴി ഓൺലൈനിൽ അപേക്ഷിക്കണം | 1.കുടുംബ വാർഷീക വരുമാനം 1,00,000 രൂപ കവിയരുത്<br>2.അപേക്ഷകൻ സർവീസ് പെൻഷനർ/ കുടുംബ പെൻഷൻ ലഭിക്കുന്നവർ ആകരുത്<br>3.അപേക്ഷകൻ ആദായനികുതി നൽകുന്ന വ്യക്തിയാകരുത്<br>4.സ്വന്തം പേരിലോ കുടുംബത്തിന്റെ പേരിലോ രണ്ടേക്കറിൽ കൂടുതൽ വസ്തു ഉണ്ടാകരുത്<br>(പട്ടിക വർഗ്ഗക്കാർക്ക് ബാധകമല്ല)<br>5.1000 സി.സി.യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള ടാക്സിയല്ലാത്ത നാല് ചക്രവാഹനങ്ങൾ സ്വന്തമായുള്ളവരാകരുത്<br>6.2000 ച.അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ളതും, ആധുനിക രീതിയിൽ ഫ്ളോറിംഗ് നടത്തിയിട്ടുള്ളതും കോൺക്രീറ്റ് ചെയ്തതുമായ കെട്ടിടങ്ങൾ ഉള്ളവരാകരുത്<br>7.അപേക്ഷകൻ കേന്ദ്രസർക്കാർ/മറ്റ് സംസ്ഥാനസർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ശമ്പളം/ പെൻഷൻ/കുടുംബപെൻഷൻ ലഭിക്കുന്ന വ്യക്തിയാകരുത്.<br>8.താമസിക്കുന്ന വീട്ടിൽ എ.സി.ഉള്ളവരാകരുത് | ഉത്തരവ് ലഭിച്ച് ഒരു മാസത്തിനകം<br>അപേക്ഷയിൽ അന്വേഷണം നടത്തി തീരുമാനം എടുക്കുന്ന സമയം - 40 ദിവസം |

| ക്രമ നമ്പർ | സേവനങ്ങളുടെ വിഷയം | സേവനം ലഭ്യമാക്കുന്ന ഉദ്യോഗസ്ഥർ | സമർപ്പിക്കേണ്ട രേഖകൾ | നിബന്ധനകൾ | സേവനം |
|---|---|---|---|---|---|
| 29. | തൊഴിലില്ലായ്മ വേതനം | സെക്രട്ടറി<br>ഗ്രാമപഞ്ചായത്ത് | 1. 21 നും 35 നും ഇടയിൽ പ്രായമുള്ളതാണെന്ന് മനസ്സിലാക്കുന്നതിന് ജനനതീയതി ഉൾക്കൊള്ളുന്ന എസ്.എസ്.എൽ.സി.ബുക്കിന്റെ പകർപ്പ്.<br>2.എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർചെയ്തതിനുശേഷം 3 വർഷം കഴിഞ്ഞിട്ടുള്ളതാണെന്നുള്ള രേഖ<br>3.എസ്.എസ്.എൽ.സി.ജയിച്ചു എന്ന് തെളിയിക്കുന്ന മാർക്ക് ലിസ്റ്റിന്റെ പകർപ്പ്<br>4.ടി.സി യുടെ പകർപ്പ്<br>5.റേഷൻ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ്സ്ബുക്ക്,വരുമാന സർട്ടിഫിക്കറ്റ് സഹിതം K-smart സോഫ്റ്റ് വെയർ വഴി ഓൺലൈനിൽ അപേക്ഷിക്കണം | 1.കുടുംബ വാർഷിക വരുമാനം 12,000 രൂപയിൽ കവിയരുത്.<br>2.വ്യക്തിഗത വാർഷിക വരുമാനം 12,000 രീപയിൽ കവിയരുത്<br>3.വിദ്യാർത്ഥികൾ അർഹരല്ല.<br>4.അന്വേഷണ ഉദ്യോഗസ്ഥൻറെ റിപ്പോർട്ടിന്മേൽ പഞ്ചായത്ത് തീരുമാന സഹിതം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർക്ക് നൽകി ഉത്തരവ് വാങ്ങിആനുകൂല്യം നൽകുന്നു.<br>5.35 വയസ്സ് കഴിയരുത് | ഉത്തരവ് ലഭിച്ച് ഒരു മാസത്തിനകം |
| 30. | 50 വയസ്സായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | സെക്രട്ടറി<br>ഗ്രാമപഞ്ചായത്ത് | 1.വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്<br>2.അവിവാഹിതയാണെന്നുള്ള രേഖ<br>3.കാർഡ്,റേഷൻ കാർഡ് എന്നിവയുടെ പകർപ്പ്<br>4.വരുമാന സർട്ടിഫിക്കറ്റ്, സഹിതം K-smart സോഫ്റ്റ് വെയർ വഴി ഓൺലൈനിൽ അപേക്ഷിക്കണം | 1.കുടുംബ വാർഷീക വരുമാനം 1,00,000 രൂപ കവിയരുത്<br>2.അപേക്ഷകൻ സർവീസ് പെൻഷനർ/കുടുംബ പെൻഷൻ ലഭിക്കുന്നവർ ആകരുത്<br>3.അപേക്ഷകൻ ആദായനികുതി നൽകുന്ന വ്യക്തിയാകരുത്<br>4.സ്വന്തം പേരിലോ കുടുംബത്തിന്റെ പേരിലോ രണ്ടേക്കറിൽ കൂടുതൽ വസ്തു ഉണ്ടാകരുത്<br>(പട്ടിക വർഗ്ഗക്കാർക്ക് ബാധകമല്ല)<br>5.1000 സി.സി.യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള ടാക്സിയല്ലാത്ത നാല് ചക്രവാഹനങ്ങൾ സ്വന്തമായുള്ളവരാകരുത്<br>6.2000 ച.അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ളതും, ആധുനിക രീതിയിൽ ഫ്ളോറിംഗ് നടത്തിയിട്ടുള്ളതും കോൺക്രീറ്റ് ചെയ്തതുമായ കെട്ടിടങ്ങൾഉള്ളവരാകരുത്<br>7.അപേക്ഷകൻ കേന്ദ്രസർക്കാർ/മറ്റ് സംസ്ഥാനസർക്കാർ/ പൊതുമേകലാ സ്ഥാപനങ്ങളിൽ നിന്നും ശമ്പളം/പെൻഷൻ/കുടുംബ പെൻഷൻ ലഭിക്കുന്ന വ്യക്തിയാകരുത്.<br>8.താമസിക്കുന്ന വീട്ടിൽ എ.സി.ഉള്ളവരാകരുത് | ഉത്തരവ് ലഭിച്ച് ഒരു മാസത്തിനകം<br>അപേക്ഷയിൽ അന്വേഷണം നടത്തി തീരുമാനം എടുക്കുന്ന സമയം - 40 ദിവസം |
| 31. | സാധുക്കളായ വിധവകളുടെ പെൺമക്കളുടെ ധനസഹായം | സെക്രട്ടറി<br>ഗ്രാമപഞ്ചായത്ത് | 1.ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്<br>2.വരുമാന സർട്ടിഫിക്കറ്റ്,റേഷൻ കാർഡ്<br>3.പുനർവിവാഹം ചെയ്തിട്ടില്ല എന്ന സർട്ടിഫിക്കറ്റ്<br>4.ധനസഹായം നൽകുന്ന തുകയ്ക്ക് തുല്യമായ ബിൽ( വിവാഹ ചെലവിന് വേണ്ടിവന്നത്)<br>5.വിവാഹത്തിന് 30 ദിവസം മുമ്പോ വിവാഹം കഴിഞ്ഞ് 1 വർഷത്തിനുള്ളിലോ അപേക്ഷ സമർപ്പിക്കണം | 1.കുടുംബ വാർഷിക വരുമാനം 2,00,000 രൂപയിൽ കവിയരുത്.<br>2.അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്മേൽ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ | ഉത്തരവ് ലഭിച്ച് ഒരു മാസത്തിനകം |

| ക്രമ നമ്പർ | സേവനങ്ങളുടെ വിഷയം | സേവനം ലഭ്യമാക്കുന്ന ഉദ്യോഗസ്ഥർ | സമർപ്പിക്കേണ്ട രേഖകൾ | നിബന്ധനകൾ | സേവനം |
|---|---|---|---|---|---|
| | | | 6. വിവാഹിതയാകുന്ന പെൺകുട്ടിയുടെ പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്<br>7.വരന്റെ സത്യവാങ്മൂലം എന്നിവ സഹിതം K-smart സോഫ്റ്റ് വെയർ വഴി ഓൺലൈനിൽ അപേക്ഷിക്കണം | | |
| 32. | റോഡ് മുറിച്ച് കേബിൾ/ പൈപ്പ് ഇടുന്നതിനുള്ള അനുവാദം(പഞ്ചായത്തിന് യുക്തമെന്ന് തോന്നുന്ന പക്ഷം അസി.എഞ്ചിനീയറുടെ വാലുവേഷനു ശേഷം) | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 1.200 രൂപ മുദ്രപ്പത്രത്തിലുള്ള എഗ്രിമെന്റ്<br>2.ടാർറോഡ് 2000 രൂപ ഡെപ്പോസിറ്റ്<br>3.മൺറോഡ് 500രൂപ ഡെപ്പോസിറ്റ്(വെട്ടിപ്പൊളിച്ച ശേഷം പൂർവ്വസ്ഥിതിയിലാക്കിയെന്ന് ബോദ്ധ്യപ്പെട്ട് ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്താൽ തുക തിരികെ നൽകുന്നു.<br>4.സുഗമ പോർട്ടൽ വഴി അപേക്ഷ സമർപ്പിക്കണം എന്നിവ സഹിതം K-smart സോഫ്റ്റ് വെയർ വഴി ഓൺലൈനിൽ അപേക്ഷിക്കണം | 1.റോഡിന്റെ പേര് രേഖപ്പെടുത്തണം പഞ്ചായത്ത് റോഡ് ആണെങ്കിൽ മാത്രമേ പഞ്ചായത്ത് അനുമതി നൽകുകയുള്ളൂ.<br>2പൊതുമരാമത്ത് വകുപ്പിന്റെ റോഡാണെങ്കിൽ അനുമതി ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിൽ നിന്നും വാങ്ങണം. | 15 ദിവസത്തിനകം |
| 33. | തെരുവിനോട് ചേർന്ന് മതിൽ/ഭിത്തി/വേലി/ കിണർ എന്നീ പ്രവർത്തിക്കുള്ള പെർമിറ്റുകൾ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 1.ഉടമസ്ഥാവകാശം തെളിയിക്കുന്ന പ്രമാണം.<br>2.സൈറ്റ്പ്ലാൻ<br>3.ആധാരം<br>4.കൈവശാവകാശ രേഖ<br>5.കരം അടച്ച രസീത്<br>6.ലൊക്കേഷൻ സ്കെച്ച് സഹിതം K-smart സോഫ്റ്റ് വെയർ വഴി ഓൺലൈനിൽ അപേക്ഷിക്കണം | | 30 പ്രവൃത്തി ദിവസം |

| ക്രമ നമ്പർ | സേവനങ്ങളുടെ വിഷയം | സേവനം ലഭ്യമാക്കുന്ന ഉദ്യോഗസ്ഥർ | സമർപ്പിക്കേണ്ട രേഖകൾ | നിബന്ധനകൾ | സേവനം |
|---|---|---|---|---|---|
| 35. | എം.ജി.എൻ.ആർ.ഇ.ജി.എസ്. തൊഴിൽ പൂർത്തിയാക്കി വേതനം. | സെക്രട്ടറി<br>ഗ്രാമപഞ്ചായത്ത് | 1. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിരതാമസമായിരിക്കണം.<br>2.18 വയസ് പൂർത്തിയായിരിക്കണം<br>3.റേഷൻ കാർഡ്,ആധാർകാർഡ് എന്നിവയുടെ പകർപ്പ്<br>4.നിർദ്ദിഷ്ട ഫോറത്തിലോ, വെള്ള ക്കടലാസിലോഉള്ളഅപേക്ഷ<br>5.കാർഡിൽ ഉൾപ്പെടുത്തുന്നവരുടെ പാസ്പോർട്ട് സൈസി ലുള്ളഫോട്ടോ(3 കോപ്പി)<br>6.ശാരീരികാദ്ധ്വാനത്തിന് തയ്യാറുള്ളവരാകണം. | | ആക്ടനുസരിച്ച് |
| 36. | എം.ജി.എൻ.ആർ.ഇ.ജി.എസ്. തൊഴിൽ പൂർത്തിയാക്കി വേതനം. | സെക്രട്ടറി<br>ഗ്രാമപഞ്ചായത്ത് | 1. മസ്റ്റർ റോൾ<br>*ബി.പി.ഒയിൽ നിന്നും വാങ്ങി സെക്രട്ടറി ഒപ്പിട്ട് മേറ്റ്മാർക്ക് നൽകിയത്.<br>* തൊഴിലാളികളുടെ പേരും ഒപ്പും ബാങ്ക് അക്കൗണ്ട് നമ്പറും വാർഡ് നമ്പറും ഉള്ളത്.<br>*തിരുത്തലുകൾ ഇല്ലാത്തത്<br>*വോളണ്ടിയർ,ഓവർസിയർ,വാർഡ് മെമ്പർ,മോണിറ്ററിംഗ് സമിതിയംഗങ്ങൾ ഒപ്പിട്ടത്<br>2.സാധന സാമഗ്രികളുപയോഗിച്ചിട്ടുണ്ടെങ്കിൽ നിയമാനുസൃത ബില്ലുകളും രേഖകളും.<br>3.ഫസ്റ്റ് എയ്ഡ്/കുടിവെള്ളം മുതലായവ നൽകിയതിന്റെ രേഖകൾ<br>4.ട്രാക്ടർ/വാഹനങ്ങൾ മുതലായവ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ വൗച്ചറുകളും രേഖകളും<br>5.സൈറ്റ് ഡയറി(വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഉൾപ്പെടെ)<br>6.തൊഴിലാളികളുടെ പേര്,നമ്പർ,ബാങ്ക് അക്കൗണ്ട് തുടങ്ങിയവ രേഖപ്പെടുത്തിയ സ്റ്റേറ്റ്മെന്റ്.<br>7.തൊഴിലുപകരണങ്ങളുടെ വാടക സ്റ്റേറ്റ്മെന്റ്.<br>8.പ്രവൃത്തിയുടെ ഫോട്ടോ.<br>9.പ്രവൃത്തിയുടെ വാല്വേഷൻ ബന്ധപ്പെട്ട എഞ്ചിനിയർ തയ്യാറാക്കി സമർപ്പിക്കണം. | | |

## പൗരന്മാർ പഞ്ചായത്തുമായി ബന്ധപ്പെട്ട് അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ

കെട്ടിട നികുതി ഇപ്പോൾ നിലവിലുള്ള നിയമം അനുസരിച്ച് തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണ്.സെക്രട്ടറിയുടെ നികുതി നിർണ്ണയത്തിന്മേൽ എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ നികുതി അടച്ച് 30 ദിവസത്തിനകം പഞ്ചായത്തിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് അപ്പീൽ നൽകാവുന്നതാണ്.

ഓരോ വർഷത്തേയും കെട്ടിട നികുതി അതാതു വർഷം (ഏപ്രിൽ മുതൽ മാർച്ച് വരെ)അതാതു വർഷം അടക്കേണ്ടതാണ്.തൊഴിൽ നികുതി 6 മാസത്തെ മൊത്തം വരുമാനം (ചെലവ് കുറയ്ക്കാതെ) കണക്കാക്കി താഴെ പറയുന്ന സ്ലാബ് അനുസരിച്ച് കണക്കാക്കുന്നു.

| ആണ്ട് | അർദ്ധവാർഷിക വരുമാനം രൂപ | പരമാവധി അർദ്ധവാർഷിക നികുതി |
|---|---|---|
| 1. | 12,000 മുതൽ 17999 വരെ | 320 രൂപ |
| 2. | 18,000 മുതൽ 29,999 വരെ | 450 രൂപ |
| 3. | 30,000 മുതൽ 44,999 വരെ | 600 രൂപ |
| 4. | 45,000 മുതൽ 99,999 വരെ | 750 രൂപ |
| 5. | 1,00,000 മുതൽ 1,24,999 വരെ | 1000 രൂപ |
| 6. | 1,25,000 രൂപയും അതിന് മുകളിലും | 1250 രൂപ |

1. ആദ്യ അർദ്ധവർഷത്തെ തൊഴിൽ നികുതി ഓഗസ്റ്റ് 5-ാം തീയതിക്കകവും രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഫെബ്രുവരി 5-ാം തീയതിക്കകവും അടയ്ക്കേണ്ടതാണ്.

2. പഞ്ചായത്ത് അതിർത്തിയിൽ ഏത് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും തൊഴിൽ നികുതി അടയ്ക്കുവാൻ ബാദ്ധ്യസ്ഥരാണ്.

3. പഞ്ചായത്ത് അതിർത്തിയിൽ ഏത് സ്ഥാപനം നടത്തണമെങ്കിലും പഞ്ചായത്തിന്റെ അനുവാദം നിർബന്ധമാണ്.ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെ ഒരു വർഷത്തേയ്ക്ക് ലൈസൻസ് നൽകുന്നത്.ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ മാർച്ച് 1-ാം തീയതിക്കകം സമർപ്പിക്കേണ്ടതാണ്.

4. ജനനവും മരണവും ഏത് പഞ്ചായത്ത് /മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അതിർത്തിക്കുള്ളിൽ വച്ചാണ് നടക്കുന്നത് ആ പഞ്ചായത്ത് /മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.ആശുപത്രിയിൽ വച്ചാണ് ജനനം/മരണം നടക്കുന്നതെങ്കിൽ ആശുപത്രി അധികൃതരും പോലീസ് ഇൻക്വസ്റ്റ് നടത്തുന്ന കേസുകളിൽ ബന്ധപ്പെട്ട പോലീസ് ഓഫീസറുമാണ് റിപ്പോർട്ട് ചെയ്യേണ്ടത്.ജനനവും മരണവും 21 ദിവസത്തിനകം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന പ്രത്യേക ഫോറത്തിൽ പൂരിപ്പിച്ച് നൽകി രജിസ്റ്റർ ചെയ്യേണ്ടതാണ്.

5. കേരളാ പഞ്ചായത്ത് രാജ് ആക്ടിലെ 219(എൻ) വകുപ്പ് അനുസരിച്ച് ചവറോ മാലിന്യങ്ങളോ അവശിഷ്ടങ്ങളോ ഇടുന്നതിനു വേണ്ടി ഉദ്ദേശിക്കപ്പെടാത്ത യാതൊരു പൊതു സ്ഥലത്തും യാതൊരാളുടേയും ചവറോ മാലിന്യമോ മറ്റ് അവശിഷ്ടങ്ങളോ ഇടുവാനോ ഇടുവിക്കുവാനോ പാടില്ലാത്തതാകുന്നു.

6. ലൈസൻസെടുക്കാതെ നായ്ക്കളേയും പന്നികളേയും വളർത്തുന്നത് ശിക്ഷാർഹമാണ്.
7. കേരള പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും നോട്ടീസോ നടപടിയോ മൂലം .....വിവരം നൽകാൻ വീഴ്ച വരുത്തുകയോ അഥവാ അറിഞ്ഞുകൊണ്ട് വിവരം നൽകാതിരിക്കുകയോ ചെയ്യുന്നതാകയാൽ ....... 500 രൂപയിൽ കവിയാത്ത പിഴശിക്ഷ ലഭിക്കുന്നതാണ്.
8. പഞ്ചായത്ത് നിയമാനുസൃതമായി നൽകേണ്ട ഏതെങ്കിലും തുക അത് നൽകേണ്ടതായ തീയതിയിൽ നൽകാത്ത പക്ഷം അത് നൽകേണ്ടതായ തീയതി മുതൽ 1% നിരക്കിലുള്ള പലിശ സഹിതം ഈടാക്കുന്നതാണ്.
9. പഞ്ചായത്തിന്റെ അനുമതി കൂടാതെ പഞ്ചായത്ത് റോഡുകൾ യാതൊരാവശ്യത്തിനും വെട്ടിമുറിക്കാൻ പാടില്ല.

## ട്രൈബ്യൂണൽ വിലാസം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണൽ
ട്രിഡ ബിൽഡിംഗ്,
മെഡിക്കൽ കോളേജ് പി.ഒ.,
തിരുവനന്തപുരം - 37
ഫോൺ 0471-2448394

## ഓംബുഡ്സ്മാൻ വിലാസം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ
സാഫല്യം കോംപ്ലക്സ്-മൂന്നാം നില
ട്രിഡ ബിൽഡിംഗ്- പാളയം
യൂണിവേഴ്സിറ്റി പി.ഒ.,
തിരുവനന്തപുരം - 34
ഫോൺ 0471-2330541

## വിവരാവകാശ നിയമം 2005

| | | |
|---|---|---|
| പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ | - | സെക്രട്ടറി<br>വാളകം ഗ്രാമപഞ്ചായത്ത്<br>ഫോൺ: 0485-2273028 |
| അസി.പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ | - | ഹെഡ് ക്ലാർക്ക്<br>വാളകം ഗ്രാമപഞ്ചായത്ത്<br>ഫോൺ: 0485-2273028 |
| അപ്പലേറ്റ് അതോറിറ്റി | - | പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ<br>എറണാകുളം<br>ഫോൺ: 0484-242219 |

## പ്രാഥമിക ആരോഗ്യ കേന്ദ്രം - വാളകം

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയപരിധി | നൽകേണ്ട നിയമാനുസൃത ഫീസ് |
|---|---|---|---|---|
| 1. | ഡോക്ടറുടെ സേവനം | ദിവസേന രാവിലെ 9 മണി മുതൽ 1 മണി വരെ | തത്സമയം | ഇല്ല |
| 2. | മെഡിക്കൽ സർട്ടിഫിക്കറ്റ് | ആവശ്യക്കാർ ഡ്യൂട്ടി സമയത്ത് ഹാജരാകണം. രോഗം തുടങ്ങി ആശുപത്രിയിൽ വരുന്ന ദിവസം മുതൽ മാത്രം ഒ.പി.ടിക്കറ്റോടുകൂടി നിർബന്ധമായും | തത്സമയം | അസിസ്റ്റന്റ് സർജൻ - 100രൂപ<br>സിവിൽ സർജൻ -150 രൂപ |
| 3. | പ്രായം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് | ആവശ്യക്കാർ ഡ്യൂട്ടി സമയത്ത് റേഷൻ കാർഡ് / തിരിച്ചറിയൽ കാർഡ് സഹിതം ഡോക്ടറെ സമീപിക്കണം. | തത്സമയം | ഇല്ല |
| 4. | ഒപ്പും പകർപ്പും സാക്ഷ്യപ്പെടുത്തൽ | ഒപ്പ് സാക്ഷ്യപ്പെടുത്തേണ്ട രേഖ സഹിതം ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കണം. പകർപ്പ് സാക്ഷ്യപ്പെടുത്തുന്നതിന് അസ്സൽ സഹിതം ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കണം. | തത്സമയം | ഇല്ല |
| 5. | കുട്ടികൾ ജനിച്ചയുടനെ നൽകേണ്ട ബി.സി.ജി.കുത്തിവെയ്പ് | പി.എച്ച്.സിയിൽ രാവിലെ 9 മുതൽ 1 മണി വരെ | എ ല്ലാ ബു ധ നാഴ്ച ദിവസങ്ങളിലും | ഇല്ല |
| 6. | ഒ.പി.ഡി./പെന്റാ വാക്സിൻ Vit.A, ഡി.പി.റ്റി.,മിസിൽസ് ,റുബെല്ല | പി.എച്ച്.സിയിൽ രാവിലെ 9 മുതൽ 1 മണി വരെ | എ ല്ലാ ബു ധ നാഴ്ച ദിവസങ്ങളിലും | ഇല്ല |
| 7. | ഗർഭിണികളെ പരിശോധിക്കാൻ | പി.എച്ച്.സിയിൽ രാവിലെ 9 മുതൽ 1 മണി വരെ | എല്ലാ തിങ്കൾ | ഇല്ല |
| 8. | ഗർഭിണികൾക്ക് റ്റി.റ്റി.കുത്തിവെയ്പ് | പി.എച്ച്.സിയിൽ രാവിലെ 9 മുതൽ 1 മണി വരെ | എല്ലാ തിങ്കൾ | ഇല്ല |
| 9. | ഗർഭിണികൾക്ക് അയൺ ഗുളികകൾ | പി.എച്ച്.സിയിൽ രാവിലെ 9 മുതൽ 1 മണി വരെ | എല്ലാ തിങ്കൾ | ഇല്ല |
| 10. | കണ്ണ് പരിശോധന | പി.എച്ച്.സിയിൽ രാവിലെ 9 മുതൽ 1 മണി വരെ | എല്ലാ മൂന്നാമത്തെ വെള്ളി 9 മുതൽ 1 വരെ | ഇല്ല |
| 11. | കുടുംബക്ഷേമ പ്രവർത്തനങ്ങൾ Cordpills c.c വിതരണം,കുടുംബക്ഷേമ ഉപയോഗം | പി.എച്ച്.സിയിൽ പ്രവൃത്തി ദിവസങ്ങളിൽ തിങ്കൾ,ബുധൻ | 2 മുതൽ 4 വരെ | ഇല്ല |
| 12. | പൊതുജനാരോഗ്യം,പകർച്ച വ്യാധി നിയന്ത്രണ സേവന പ്രവർത്തനം,ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക. | പി.എച്ച്.സിയിൽ പ്രവൃത്തി ദിവസങ്ങളിൽ | 2 മുതൽ 4 വരെ | ഇല്ല |
| | | | | |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയപരിധി | നൽകേണ്ട നിയമാനുസൃത ഫീസ് |
|---|---|---|---|---|
| 14. | ഗർഭിണികളെ പരിശോധിക്കാൻ,ഗർഭിണികൾക്ക് അയൺ ഗുളികകൾ വിതരണം | സബ്സെന്ററിൽ എത്തണം<br>സബ് സെന്റർ-വാളകം ചൊവ്വ<br>സബ് സെന്റർ-റാക്കാട് വെള്ളി | 2 മുതൽ 4 വരെ | ഇല്ല |
| 15. | ഗർഭിണികൾക്കും കുട്ടികൾക്കും രോഗ-പ്രതിരോധ കുത്തിവെയ്പ്പ് സാക്ഷ്യപ്പെടുത്തൽ | സബ് സെന്റർ-റാക്കാട്<br>മൂന്നാമത്തെ വെള്ളിയാഴ്ച<br>സബ് സെന്റർ-വാളകം<br>മൂന്നാമത്തെ ചൊവ്വ | 11 - 1<br><br>11 - 1 | ഇല്ല |
| 16. | കുട്ടികൾക്ക് രോഗ-പ്രതിരോധ കുത്തിവെയ്പ്പ് Vit.A | സബ് സെന്റർ-റാക്കാട്<br>മൂന്നാമത്തെ വെള്ളിയാഴ്ച<br>സബ് സെന്റർ-വാളകം<br>മൂന്നാമത്തെ ചൊവ്വ | 9 മുതൽ 1 മണി വരെ<br><br>9 മുതൽ 1 മണി വരെ | ഇല്ല |

## വാളകം ഗ്രാമപഞ്ചായത്ത് മൃഗാശുപത്രിയിൽ നിന്ന് ലഭിക്കുന്ന സേവനങ്ങൾ

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയപരിധി | നൽകേണ്ട നിയമാനുസൃത ഫീസ് |
|---|---|---|---|---|
| 1. | മൃഗങ്ങൾക്കുള്ള രോഗ നിർണ്ണയവും ചികിത്സയും | രാവിലെ 9 മുതൽ 1 മണി വരെയും ഉച്ച കഴിഞ്ഞ് 2 മുതൽ 3 മണി വരെയും അവധി ദിവസങ്ങളിൽ രാവിലെ 9 മുതൽ 1 മണി വരെയും ഞായർ 9 മുതൽ 12 മണി വരെയും ആശുപത്രിയിൽ ഡോക്ടറെ സമീപിക്കുക. | അന്നേ ദിവസം | ഇല്ല |
| 2. | പകർച്ചവ്യാധികൾക്കുള്ള പ്രതിരോധ കുത്തിവെയ്പ്പ് | ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കുക | അന്നേ ദിവസം | ഇല്ല |
| 3. | കന്നുകാലികളുടെ ഗർഭ പരിശോധനയും വന്ധ്യതാ നിവാരണ ചികിത്സയും. | ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കുക | അന്നേ ദിവസം | ഇല്ല |
| 4. | വളർത്തുനായ്ക്കൾക്ക് പേവിഷബാധയ്ക്കെതിരെ കുത്തിവെയ്പ്പ് നടത്തി സർട്ടിഫിക്കറ്റ് നൽകൽ. | ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കുക.കുത്തിവെയ്പ്പിനുള്ള വാക്സിൻ ലഭ്യമാക്കണം. | അന്നേ ദിവസം | 15 രൂപ |
| 5. | വളർത്തുമൃഗങ്ങൾക്ക് ഇൻഷ്വറൻസ് സംരക്ഷണം. | ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കുക. | അന്നേ ദിവസം | ഇല്ല |
| 6. | കൃത്രിമ ബീജസങ്കലനം | ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കുക. | അന്നേ ദിവസം | ഇല്ല |
| 7. | ഓമന മൃഗങ്ങളുടെ രോഗ നിർണ്ണയവും ചികിത്സയും | ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കുക. | അന്നേ ദിവസം | 15 രൂപ |
| 8. | കാലാകാലങ്ങളിൽ ഗവ.നടപ്പിലാക്കുന്ന മൃഗസംരക്ഷണ പദ്ധതികൾ. | പദ്ധതി ആനുകൂല്യങ്ങൾക്കുള്ള നിശ്ചിത ഫോറത്തിൽ അപേക്ഷ മൃഗാശുപത്രിയിൽ സമർപ്പിക്കണം | അതാത് വർഷങ്ങളിൽ ഡിപ്പാർട്ട്മെന്റ് തീരുമാനത്തിന് വിധേയമായി അനുവദിക്കും | |
| 9. | വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ | | പ്രവൃത്തി സമയം | |

## വാളകം ഗ്രാമപഞ്ചായത്ത് കൃഷിഭവനിൽ നിന്ന് ലഭിക്കുന്ന സേവനങ്ങൾ

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയപരിധി | നൽകേണ്ട നിയമാനുസൃത ഫീസ് |
|---|---|---|---|---|
| 1. | വിവിധ കാർഷിക വിളകളുടെ ശാസ്ത്രീയമായ കൃഷിരീതി സംബന്ധിച്ച് വിവരം കാർഷിക വിളകളുടെ കീടരോഗ പരിശോധന നിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവ അറിയുന്നതിന് | കൃഷിഭവനിൽ പ്രവൃത്തിദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകിട്ട് 5 വരെ ഹാജരാകുക | തത്സമയം | ഇല്ല |
| 2. | മണ്ണ് പരിശോധന തദനുസരണമായ വിള പരിപാലന ശുപാർശ | നിർദ്ദേശാനുസരണം ശേഖരിച്ച മണ്ണുസാമ്പിൾ, കൃഷിയിടത്തിന്റെ വിവരം, വിളവിവരം, കൃഷിക്കാരന്റെ മേൽവിലാസം എന്നിവ സഹിതം കൃഷിഭവനിൽ ഏൽപ്പിക്കുക | 1 മാസം | ഇല്ല |
| 3. | അടിയന്തിര മണ്ണ് പരിശോധനാ ഫലം ലഭിക്കുവാൻ സോയിൽ ടെസ്റ്റിംഗ് ലബോറട്ടറിയിലേക്കുള്ള കൃഷി ഓഫീസറുടെ ശുപാർശ | നിർദ്ദേശാനുസരണം ശേഖരിച്ച മണ്ണുസാമ്പിൾ, കൃഷിയിടത്തിന്റെ വിവരം,വിളവിവരം, കൃഷിക്കാരന്റെ മേൽവിലാസം എന്നിവ സഹിതം കൃഷിഭവനിൽ ഏൽപ്പിക്കുക | തത്സമയം | ഇല്ല |
| 4. | പ്രകൃതിക്ഷോഭം മൂലം കാർഷിക വിളകൾക്ക് ഉണ്ടാവുന്ന നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരം ലഭിക്കുവാൻ | നഷ്ടം സംഭവിച്ച് 24 മണിക്കൂറിനകം കൃഷിഭവനിൽ അറിയിക്കുകയും 10 ദിവസത്തിനകം എ.ഐ.എം.എസ് പോർട്ടലിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്യണം. | 10 ദിവസത്തിനുള്ളിൽ നഷ്ടം തിട്ടപ്പെടുത്തി ശുപാർശ ചെയ്യും | ഇല്ല |
| 5. | കാർഷികാവശ്യത്തിന് വൈദ്യുതി ലഭിക്കുന്നതിന് ഉള്ള മുൻഗണനാ സർട്ടിഫിക്കറ്റ് | നിർദ്ദിഷ്ട ഫോറത്തിൽ കൃഷി ഓഫീസർക്ക് അപേക്ഷ നൽകണം | 5 ദിവസം | ഇല്ല |
| 6. | വിള ഇൻഷ്വറൻസ് നെല്ല്, വാഴ, തെങ്ങ്, കമുക്, കശുമാവ്, കുരുമുളക്, റബ്ബർ, മരച്ചീനി, കൈതച്ചക്ക, മഞ്ഞൾ, പച്ചക്കറി | പ്രകൃതിക്ഷോഭം മൂലം കാർഷിക വിളകൾക്ക് നാശം സംഭവിച്ചാൽ 24 മണിക്കൂറിനകം കൃഷിഭവനിൽ അറിയിക്കണം. 15 ദിവസത്തിനകം എ.ഐ.എം.എസ് പോർട്ടലിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്യണം. | 3 ദിവസം | ഇല്ല |
| 7. | വിത്ത്, നടീൽ വസ്തുക്കൾ, കീടനാശിനികൾ, വളങ്ങൾ തുടങ്ങിയ ഉൽപ്പാദനോപാധികളുടെ ലഭ്യതയെ സംബന്ധിച്ച വിവരങ്ങൾ ലഭിക്കുന്നതിന് | പ്രത്യേക അപേക്ഷാഫോറം ഇല്ല. കൃഷിഭവനിൽ നേരിട്ട് സമീപിക്കുക | ഇല്ല | ഇല്ല |

പ്രധാനപ്പെട്ട കാർഷിക വിളകളായ നെല്ല്, വാഴ, തെങ്ങ്, കമുക്, കശുമാവ്, കുരുമുളക്, റബ്ബർ, മരച്ചീനി, കൈതച്ചക്ക, മഞ്ഞൾ ,പച്ചക്കറി എന്നിവയുടെ വികസനത്തിന് സഹായം ലഭ്യമാക്കുന്നുണ്ട്.കേന്ദ്രസഹായത്തോടെ സുഗന്ധവിളകൾ കയറ്റുമതി പ്രാധാന്യമുള്ള ഫലവർഗ്ഗങ്ങൾ, പുഷ്പകൃഷി, ഔഷധസുഗന്ധ സസ്യങ്ങൾ, ജലസേചനം(ഡ്രിപ്പ്, സ്പ്രിംഗ്ളർ) ഗ്രീൻഹൗസ് നിർമ്മാണം, ചെറുകിട കാർഷിക യന്ത്രവൽക്കരണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. 25 വിളകൾക്ക് വിള ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാക്കുന്നുണ്ട്. ഓരോ പദ്ധതിയിലും നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായാണ് ആനുകൂല്യം നൽകുന്നത്. ഗ്രൂപ്പടിസ്ഥാനത്തിലുള്ള കൃഷിക്ക് ചില പ്രത്യേക പദ്ധതി പ്രകാരം പാട്ടഭൂമിയിലെ ഹ്രസ്വകാല വിളകൾക്ക്ആനുകൂല്യം നൽകുന്നുണ്ട്. നീർത്തടവികസന പദ്ധതികൾ കേരളവികസന പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുമ്പോൾ ജലമണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്ക് ആനുകൂല്യം നൽകുന്നുണ്ട്.

## പരിശീലനം

എല്ലാ കാർഷിക വിളകളുടേയും വിളപരിപാലനം സംബന്ധിച്ച ശുപാർശകൾ ,പദ്ധതി വിവരണങ്ങൾ എന്നിവ കൃഷിഭവനിൽ പ്രവർത്തിക്കുന്ന സമയത്ത് ലഭ്യമാക്കുന്നതാണ്.ബ്ലോക്ക് ജില്ലാടിസ്ഥാനത്തിലുള്ള പ്രത്യേക പരിശിലന പരിപാടിയിൽ പങ്കെടുക്കുവാൻ സന്മനസുള്ളവർ കൃഷിഭവനിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

മണ്ണ് പരിശോധന നടത്തേണ്ട കർഷകർ കൃഷിഭവനിൽ നിർദ്ദേശാനുസരണം ശേഖരിച്ച സാമ്പിൾ കൃഷിഭൂമി വിവരങ്ങൾ സഹിതം ആഗസ്റ്റ്,സെപ്റ്റംബർ,ഡിസംബർ.ജനുവരി മാസങ്ങളിൽ നൽകിയാൽ കൃഷിഭവൻ മുഖേന സൗജന്യമായി റിസൾട്ട് അറിയാവുന്നതാണ്.നിശ്ചിത ഫീസടച്ച് ,വൈറ്റില മണ്ണ് പരിശോധന കേന്ദ്രത്തിൽ സാമ്പിൾ നൽകിയാൽ നേരിട്ടേ് ഫലമറിയാവുന്നതാണ്.പ്രകൃതിക്ഷോഭം കാരണം കാർഷിക വിളകൾക്കുണ്ടായ നാശനഷ്ടപരിഹാരത്തിന് വിള ഇൻഷ്വറൻസ് ആനുകൂല്യത്തിന് 3 ദിവസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.(വിള ഇൻഷ്വറൻസ് ആനുകൂല്യത്തിന് കൃഷി ആരംഭിക്കുമ്പോൾ നിശ്ചിത പ്രീമിയം അടച്ച് ഇൻഷ്വർ ചെയ്യേണ്ടതാണ്).

കൃഷി വകുപ്പിന്റെ വിത്തുൽപാദന പരിപാടിയുടെ ആനുകൂല്യത്തിന് രജിസ്ട്രേഷൻ ഫീസ് നൽകേണ്ടതുണ്ട്.മറ്റുള്ള പദ്ധതികളുടെ ആനുകൂല്യത്തിന് അപേക്ഷയോടൊപ്പം ഫീസ് നൽകേണ്ടതില്ല.ഫാമിൽ നിന്നും ലഭ്യമാകുന്ന വിത്ത്, തൈകൾ എന്നിവയ്ക്ക് വില നൽകേണ്ടതുണ്ട്.കാർഷിക മേഖലയിൽ മറ്റു വകുപ്പ് / ഏജൻസി മുഖാന്തിരമുള്ള ആനുകൂല്യത്തിന് ആവശ്യമായ സർട്ടിഫിക്കറ്റ് /കാർഡ് ലഭിക്കുന്നതിന് നിശ്ചിത ഫോറത്തിലുള്ള അപേക്ഷ / കരം ഒടുക്കിയ രസീത്,റേഷൻ കാർഡ് എന്നിവ സഹിതം അപേക്ഷകൾ കൃഷിഭവനിൽ ഹാജരാക്കണം.ഒരാഴ്ചക്കകം സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

കൃഷി വകുപ്പിലൂടെ നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച് വിവരം നൽകുന്നതിന് കാർഷിക പ്രശ്ന പരിഹാര നിർദ്ദേസങ്ങൾക്കും ,കാർഷിക കൂട്ടായ്മ എന്നിവയ്ക്കുമായി കൃഷി വകുപ്പുദ്യോഗസ്ഥർ രാവിലെ 10.30-1.00വരെ ആഗ്രോക്ലിനിക്കിൽ സന്ദർശനം നടത്തുന്നതാണ്.

**കൃഷിവകുപ്പിന്റെ കൃഷിദീപം പരിപാടി**

ബുധനാഴ്ച വൈകിട്ട് 5 മണി,പുനഃസംപ്രേക്ഷണം ശനിയാഴ്ച 9 മണിക്ക് ഏഷ്യാനെറ്റ് ചാനലിൽ ലഭ്യമാണ്.

## ICDS അംഗൻവാടികൾ-വാളകം

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയപരിധി | നൽകേണ്ട നിയമാനുസൃത ഫീസ് |
|---|---|---|---|---|
| 1. | അനുപൂരക പോഷകാഹാര വിതരണം( ആറുവയസിൽ താഴെയുള്ള കുട്ടികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കും) | ഗർഭിണിയാണെന്ന് അറിഞ്ഞയുടനെ അടുത്ത അംഗൻവാടിയിൽ രജിസ്റ്റർ ചെയ്യുക | ഗർഭിണികൾക്ക് 6 മാസംവരെയും കുട്ടികൾക്ക് 6 വയസ്സ് പൂർത്തിയാകുന്നതു വരേയും | ഇല്ല |
| 2. | അനൗപചാരിക വിദ്യാഭ്യാസം 3 വയസ്സിനും 6 വയസ്സിനും ഇടയിൽ | അംഗൻവാടിയുടെ ഏരിയയിലുള്ള കുട്ടിയുടെ പേര് അംഗൻവാടിയിൽ രജിസ്റ്റർ ചെയ്യണം. | കുട്ടിക്ക് 3 വയസ് മുതൽ6 വയസ് വരെ | ഇല്ല |
| 3. | ആരോഗ്യ പോഷക വിദ്യാഭ്യാസം | അംഗൻവാടി കേന്ദ്രീകരിച്ച് ആരോഗ്യ പ്രവർത്തകരും മറ്റും നടത്തുന്ന ക്യാമ്പിലൂടെ | മൂന്നുമാസത്തിലൊരിക്കൽ | ഇല്ല |
| 4. | കുട്ടികളുടെ വളർച്ചാനിരക്ക് രേഖപ്പെടുത്തുന്ന ആരോഗ്യ ചാർട്ട് | അംഗൻവാടി ഏരിയയിലുള്ള 0 വയസ്സിനും 6 വയസിനുമിടയിൽ ഉള്ള കുട്ടികൾ | മാസം തോറും | ഇല്ല |
| 5. | കുടുംബജീവിത വിദ്യാഭ്യാസം ശിശു പരിപാലനം എന്നിവയിൽ അറിവ് നൽകുന്നതിനും ലൈംഗിക വിദ്യാഭ്യാസം, വ്യക്തിശുചിത്വം, സുരക്ഷിത മാതൃത്വം എന്നിവയിൽ ബോധവൽക്കരണ ക്ലാസ്സുകൾ | അംഗൻവാടി ഏരിയയിലുള്ള കൗമാരക്കാരായ പെൺകുട്ടികളുടെ ക്ലബ്ബിൽ അംഗത്വമെടുക്കണം | പല തവണ | ഇല്ല |

## ഐ.സി.ഡി.എസ്.അംഗൻവാടികൾ

അനുപൂരക പോഷകാഹാര വിതരണം 6 വയസിൽ താഴെയുള്ള കുട്ടികൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഗർഭിണിയാണെന്ന് അറിഞ്ഞയുടനെ അടുത്തുള്ള അംഗൻവാടിയിൽ പേര് രജിസ്റ്റർ ചെയ്യുക. ഗർഭിണികൾ പ്രസവിച്ച് 6 മാസം വരെയും കുട്ടികൾക്ക് 6 വയസ്സ് പൂർത്തിയാകുന്നതുവരേയും സേവനം ലഭ്യമാകും .ഫീസില്ല.

### അനൗപചാരിക വിദ്യാഭ്യാസം 3 വയസിനും 6 വയസിനുമിടയിൽ

കുട്ടിയുടെ പേര് അംഗൻവാടിയിൽ രജിസ്റ്റർ ചെയ്യണം.കുട്ടിക്ക് 3 വയസ്സ് മുതൽ 6 വയസുവരെ സേവനം ലഭ്യമാകും .ഫീസില്ല.

### ആരോഗ്യപോഷണ വിദ്യാഭ്യാസം

അംഗൻവാടി കേന്ദ്രീകരിച്ച് പ്രവർത്തകർ 2 മാസത്തിലൊരിക്കൽ ക്ലാസ്സ് നടത്തും .ഫീസില്ല.

### കുട്ടികളുടെ വളർച്ചാനിരക്ക് രേഖപ്പെടുത്തുന്ന ആരോഗ്യചാർട്ട്

അംഗൻവാടിയിൽ പേര് രജിസ്റ്റർ ചെയ്യുന്ന 3 വയസിനും 6 വയസിനുമിടയിൽ പ്രായമുള്ള കുട്ടികളുടെ വളർച്ചാനിരക്ക് മാസത്തിൽ ആദ്യത്തെ ആഴ്ച രേഖപ്പെടുത്തും.

കുടുംബജീവിതം,വിദ്യാഭ്യാസം,ശിശുപരിപാലനം,ലൈംഗിക വിദ്യാഭ്യാസം ,വ്യക്തിശുചിത്വം,സുരക്ഷിത മാതൃത്വം എന്നിവയിൽ ബോധവൽക്കരണ ക്ലാസ്സുകൾ ഉണ്ടാകും.

അംഗൻവാടിയിൽ കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ക്ലബ്ബിൽ അംഗത്വമെടുക്കണം.വർഷത്തിൽ പല തവണ ബോധവൽക്കരണ ക്ലാസ്സുകൾ ഉണ്ടാകും.